# Malayala Manorama

## 28 August 2018

## Malappuram, Flood, Rehabilitation Activities, Polytechnic Students, Grace Mark

### സന്നദ്ധപ്രവർത്തനം: പോളിടെക്നിക് വിദ്യാർഥികൾക്കും ഗ്രേസ് മാർക്ക്

മലപ്പുറം ● പ്രളയാനന്തര പുനരധിവാസ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്ന പോളിടെക്നിക് വിദ്യാർഥികൾക്കും ഗ്രേസ്മാർക്ക് നൽകാൻ ഉന്നതവിദ്യാഭ്യാസ വകുപ്പ് നിർദേശം. എൻജിനീയറിങ് വിദ്യാർഥികൾക്ക് ഇത്തരത്തിൽ 25% വരെ ഗ്രേസ് മാർക്ക് നൽകാൻ സാങ്കേതിക സർവകലാശാല കഴിഞ്ഞയാഴ്ച ഉത്തരവിറക്കിയിരുന്നു. ഇതേ മാർഗനിർദേശങ്ങളാകും പോളിടെക്നിക് വിദ്യാർഥികളുടെ കാര്യത്തിലും പാലിക്കുക.

പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന വിദ്യാർഥികളുടെയും അധ്യാപകരുടെയും ജീവനക്കാരുടെയും വിവരങ്ങൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ റജിസ്റ്റർ ചെയ്യണം.

തദ്ദേശ സ്ഥാപനങ്ങളിലെ എൻജിനീയർമാരുടെയും ഉദ്യോഗസ്ഥരുടെയും കൂടെ ഇവർ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്താനുള്ള ചുമതല സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്കു നൽകി.

കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാലയും (കുസാറ്റ്) സന്നദ്ധ പ്രവർത്തനത്തിന് 25 % വരെ ഗ്രേസ്മാർക്ക് പ്രഖ്യാപിച്ചിട്ടുണ്ട്.